# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4818 27.10.2016-ലെ മറുപടിക്ക്

**<u>ലബ്ബ കമ്മീഷൻ ശിപാർശ</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ. സണ്ണിജോസഫ്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. അൻവർ സാദത്ത് | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) ഹയർ സെക്കണ്ടറി സ്കൂളിൽ അഞ്ചുവർഷം സർവ്വീസ് പൂർത്തീയാക്കിയ ജൂനിയർ അദ്ധ്യാപകരെ സീനിയർ ആയി പ്രമോട്ട് ചെയ്യണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ;

(എ) ഹയർസെക്കന്ററി വിഭാഗത്തിലെ എച്ച്.എസ്.എസ്.ടി (ജൂനിയർ), വൊക്കേഷണൽ ഹയർസെക്കന്ററിയിലെ Non Vocational / GFC ടീച്ചർ തസ്തികയിൽ അഞ്ചു വർഷം പൂർത്തിയാക്കുന്നവർക്ക് പ്രിൻസിപ്പാൾ തസ്തികയിലേക്കുള്ള പ്രൊമോഷനുവേണ്ടി പരിഗണിക്കുന്നതിനായി മാത്രം, ഏതെങ്കിലും സാമ്പത്തിക ആനുകൂല്യത്തിനോ ശമ്പള പുനർ നിർണ്ണയത്തിനോ അർഹതയുണ്ടായിരിക്കില്ലെന്ന വ്യവസ്ഥയിൽ "സീനിയർ തസ്തികയുടെ സ്റ്റാറ്റസ്" നൽകുന്നതിനുള്ള നിർദ്ദേശമാണ് സർക്കാരിന്റെ പരിശോധനയിലുള്ളത്.

(ബി) ഇതു സംബന്ധിച്ച ലബ്ബ കമ്മീഷൻ ശിപാർശ എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഹയർ സെക്കന്ററി ടീച്ചർ (ജൂനിയർ) , ഹയർ സെക്കന്ററി ടീച്ചർ (സീനിയർ) എന്നിവരുടെ യോഗ്യത പരിശോധിച്ചപ്പോൾ രണ്ട് തലത്തിലുള്ള അദ്ധ്യാപകർക്കും തുല്യയോഗ്യതയാണ് എന്ന് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടു. ഇപ്പോൾ സമയബന്ധിത ഹയർ ഗ്രേഡ് മാത്രമേ എച്ച്.എസ്.എസ്.റ്റി ജൂനിയറിന് ലഭിക്കുന്നുള്ളു. ആയതിനാൽ അവരുടെ യോഗ്യതയും പ്രൊഫഷനിലുള്ള വികസനവും കണക്കിലെടുത്ത് ഹയർ സെക്കന്ററി ടീച്ചർ (ജൂനിയർ) ആയി 5 വർഷം പൂർത്തിയാക്കുന്ന മുറയ്ക്ക് ഇവരെ ഹയർ സെക്കന്ററി ടീച്ചർ ആയി പ്രൊമോട്ട് ചെയാവുന്നതാണ് എന്നതായിരുന്നു ശുപാർശ

| | | | |
|---|---|---|---|
| (സി) | ലബ്ബ കമ്മീഷന്റെ പ്രസ്തുത ശിപാർശ അടിയന്തരമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | സർക്കാർ ഇക്കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.